"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. സി3/58/2025/ആ.കു.വ.
ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 14-03-2025

**സർക്കുലർ**

വിഷയം:- ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - നഴ്സിംഗ് വിദ്യാഭ്യാസം - ആന്റി റാഗിങ് - പൊതു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 18.02.2025 തീയതിയിലെ ബി.6/1133/2025/മെ.വി.വ. നമ്പർ കത്ത്

**********************

The Kerala Prohibition of Ragging Act, 1998- ലെ സെക്ഷൻ 3 പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറത്തും റാഗിംഗ് നിഷിദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. റാഗിംഗ് എന്ന കുറ്റകൃത്യം നടത്തുകയോ, റാഗിംഗ് എന്ന കുറ്റകൃത്യത്തിൽ പങ്കാളികളാകുകയോ, റാഗിംഗിന് പ്രേരണ നൽകുകയോ ചെയ്യുന്നത് The Kerala Prohibition of Ragging Act, 1998- ലെ സെക്ഷൻ 4 പ്രകാരം രണ്ട് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. റാഗിംഗ് സംബന്ധിച്ച പരാതിയിൻമേൽ നടപടിയെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപന മേധാവി പരാജയപ്പെടുകയോ പരാതി അവഗണിക്കുകയോ ചെയ്താൽ, റാഗിംഗ് കുറ്റകൃത്യത്തിന് പ്രേരണ നൽകിയതായി കണക്കാക്കുകയും, പ്രസ്തുത കുറ്റം, രണ്ട് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമായി ആക്ടിലെ സെക്ഷൻ 5 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. കുറ്റക്കാർക്കെതിരെ ശക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ UGC Regulation on Curbing the Menace of Ragging in Higher Educational Institutions, 2009 വ്യവസ്ഥ ചെയ്യുന്നു. സ്ഥാപനത്തിൽ നിന്ന് പുറത്താക്കൽ, മറ്റ് സ്ഥാപനങ്ങളിൽ പ്രവേശനം നിഷേധിക്കൽ, അഡ്മിഷൻ റദ്ദാക്കൽ മുതലായവ ശിക്ഷണ നടപടികളിൽ ഉൾപ്പെടുന്നു.

2. Civil Appeal No. 887/2009 കേസിൽ ബഹു. സുപ്രീം കോടതി 8.05.2009- ൽ പുറപ്പെടുവിച്ച വിധിയിൽ UGC Regulation on Curbing the Menace of Ragging in Higher Educational Institutions, 2009 കർശനമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിരുന്നു. കേരളത്തിലെ നേഴ്സിംഗ് വിദ്യാഭ്യാസ മേഖലയെ റാഗിംഗ് മുക്തമാക്കുന്നതിനായി ശക്തമായ ചട്ടക്കൂടും പ്രതിരോധ സംവിധാനവും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രതിരോധ സംവിധാനത്തിന്റെ കണ്ണികളായ അധ്യാപകർ, അനധ്യാപകർ, PTA, പോലീസ് എന്നിവ റാംഗിംഗിനെതിരെ നിരന്തരമായ ജാഗ്രത പുലർത്തേണ്ടതും തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കേണ്ടതുമുണ്ട്. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ മെൻസ് ഹോസ്റ്റലിൽ വച്ച്

2024-25 അധ്യയന വർഷം പ്രവേശനം നേടിയ ഒന്നാം വർഷ ജി.എൻ.എം വിദ്യാർത്ഥികൾക്ക് രണ്ട്, മൂന്ന് വർഷ ജി.എൻ.എം വിദ്യാർത്ഥികളിൽ നിന്നും ഏൽക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനങ്ങളുടെ പശ്ചാത്തലത്തിൽ ചുവടെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**i.** റാഗിംഗ് തടയാനുള്ള പ്രാഥമിക ഉത്തരവാദിത്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ്. റാഗിംഗ് ചെയ്താലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് പോലീസ് ഉദ്യോഗസ്ഥരും അദ്ധ്യാപകരും നടത്തിവരുന്ന ബോധവത്കരണ ക്ലാസുകളിൽ എല്ലാ വിദ്യാർത്ഥികളുടെയും പ്രാതിനിധ്യം പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം. ഒന്നാം വർഷ വിദ്യാർത്ഥികളുടെ അധ്യയനം ആരംഭിച്ച് ആദ്യ 6 മാസക്കാലയളവിൽ കുറഞ്ഞത് 3 ബോധവത്കരണ ക്ലാസുകളെങ്കിലും കോളേജ് പ്രിൻസിപ്പൽമാർ സംഘടിപ്പിക്കണം.

**ii.** റാഗിംഗ് ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി റാഗിംഗ് ചെയ്താലുള്ള ശിക്ഷകൾ പ്രദർശിപ്പിക്കാനുതകുന്ന വിധം പോസ്റ്ററുകൾ കോളേജുകളിലും ഹോസ്റ്റലുകളിലും പതിപ്പിക്കേണ്ടതാണ്.

**iii.** ഒന്നാം വർഷ വിദ്യാർത്ഥികളുടെ അധ്യയനം ആരംഭിച്ചതിനുശേഷം റാഗിംഗിനെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ രഹസ്യ സർവേകൾ സംഘടിപ്പിക്കണം.

**iv.** കോളേജുകളിൽ റാഗിംഗ് രഹിത അന്തരീക്ഷം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള ആന്റി റാഗിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. റാഗിംഗ് ഭീഷണി തടയുന്നതിനായി കോളേജിന് തനതായ ഒരു കർമ്മ പദ്ധതി ആന്റി റാഗിംഗ് കമ്മിറ്റി ആവിഷ്കരിക്കണം. ആന്റി റാഗിംഗ് സ്ക്വാഡിന്റെ പ്രവർത്തനം നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കേണ്ടതും മാർഗ്ഗനിർദ്ദേശം നൽകേണ്ടതും പ്രിൻസിപ്പൽ അധ്യക്ഷനായ ആന്റി റാഗിംഗ് കമ്മിറ്റിയുടെ ചുമതലയായിരിക്കും. ആന്റി റാഗിംഗ് കമ്മിറ്റി ആഴ്ച തോറും യോഗം ചേർന്ന് ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അവലോകനം ചെയ്യണം. ആന്റി റാഗിംഗ് സ്ക്വാഡിന്റെ പ്രവർത്തനത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ ആന്റി റാഗിംഗ് കമ്മിറ്റി നിതാന്ത ശ്രദ്ധ പുലർത്തേണ്ടതാണ്.

**v.** ആന്റി റാഗിംഗ് സ്ക്വാഡിൽ ഉൾപ്പെട്ട അധ്യാപകരും അനധ്യാപകരും ഹോസ്റ്റലുകൾ, ബസുകൾ, കാന്റീനുകൾ, ഗ്രൗണ്ടുകൾ, ക്ലാസ് മുറികൾ, വിദ്യാർത്ഥികൾ ഒത്തുകൂടുന്ന മറ്റ് സ്ഥലങ്ങൾ എന്നിവ സൂക്ഷ്മതയോടെ പരിശോധിക്കേണ്ടതാണ്. റാഗിംഗ് തടയുന്നതിലും റാഗിംഗ് സന്ദർഭങ്ങൾ ഉണ്ടായാൽ അവ റിപ്പോർട്ട് ചെയ്യുന്നതിലും സ്ക്വാഡ് ജാഗ്രത പാലിക്കണം. റാഗിംഗിനെതിരെയുള്ള ശിക്ഷകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിലും സ്ക്വാഡ് കർമ്മനിരതമാകേണ്ടതുണ്ട്.

**vi.** ഹോസ്റ്റലുകളിലെ CCTV സംവിധാനം കാര്യക്ഷമമാക്കി കൃത്യമായ നിരീക്ഷണം നടത്തണം.

vii. പ്രശ്നക്കാരായ വിദ്യാർത്ഥികളെ കണ്ടെത്തി ഉചിത നടപടി സ്വീകരിക്കണം.

**viii.** മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആന്റി റാഗിംഗ് സെൽ അടിയന്തിരമായി രൂപീകരിക്കണം.

**ix.** ഓരോ കോളേജിലെയും ആന്റി റാഗിംഗ് കമ്മിറ്റി കോളേജിലെ റാഗിംഗ് സംബന്ധമായ സ്ഥിതി വിവര റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിക്കകം ആന്റി റാഗിംഗ് സെല്ലിന് ഓൺ ലൈനായി ലഭ്യമാക്കണം. സ്ഥിതി വിവര റിപ്പോർട്ടുകൾ ആന്റി റാഗിംഗ് സെൽ പ്രസ്തുത മാസം 10-ാം തീയതിക്കകം അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം. സമാഹൃത റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല ജോയിന്റ് ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ - ന് ആയിരിക്കും.

**x.** ആന്റി റാഗിംഗ് സെൽ, ഓരോ കോളേജിലെയും ആന്റി റാഗിംഗ് കമ്മിറ്റി എന്നിവയിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പേര്, സ്ഥാനപ്പേര്, മൊബൈൽ നമ്പർ എന്നിവ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.

**xi.** റാഗിംഗ് സംബന്ധമായ പരാതികൾ സ്വീകരിക്കുന്നതിനായി ആന്റി റാഗിംഗ് സെല്ലിനായി ഒരു ഇ മെയിൽ അഡ്രസ്സ് സൃഷ്ടിക്കണം. ഇ മെയിൽ അഡ്രസ്സ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രദർശിപ്പിക്കണം.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 14-03-2025 15:25:13
സെക്ഷൻ ഓഫീസർ.

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
- രജിസ്ട്രാർ, കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
- രജിസ്ട്രാർ, ആരോഗ്യ ശാസ്ത്ര സർവകലാശാല, തൃശ്ശൂർ.
- എല്ലാ നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
- വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
- സ്റ്റോക് ഫയൽ/ ഓഫീസ് പകർപ്പ്.